കഥ

ഗിരിജ ടീച്ചർ
പ്രൊവിഡൻസ് അക്കാദമി, തളിപ്പറമ്പ



നഗരക്കാഴ്ച

നിദ്രയുടെ ആലസ്യത്തിൽ നിന്നും മുക്തി നേടിയ നഗരം. വഴിയോരം സുഗന്ധപൂരിതമാക്കിക്കൊണ്ട് പൂക്കുടകൾ നിറച്ച വിൽപ്പനക്കാർ. കൂട്ടത്തിൽ മൂക്കുത്തി അണിഞ്ഞ സ്ത്രീ തമിഴിൽ സംസാരിക്കുകയും കുലുങ്ങിച്ചിരിക്കുകയും ചെയ്യുമ്പോൾ പ്രത്യേക അഴക് തോന്നി. അവൾ മുടിയിൽ മുല്ലപ്പൂ ചൂടിയിട്ടുണ്ട്. അതു കാണുമ്പോൾ ഒരു മുഴം പൂവിനായി മനം കൊതിച്ചു. പൊള്ളുന്ന വില കേട്ട്, ആ ആഗ്രഹം ഉപേക്ഷിച്ച് മുന്നോട്ട് നീങ്ങുമ്പോൾ അലസതയുടെ മുഖം മൂടി വലിച്ചെറിയാൻ ഒട്ടും പ്രയാസമുണ്ടായില്ല. വഴിയോരത്ത് മഞ്ഞയും ചുവപ്പും വരകളുള്ള കുടക്കീഴിൽ കടല വറുക്കുന്ന ചെറുപ്പക്കാരൻ. രാവിലെയായതിനാൽ ആരുടേയും ശ്രദ്ധ അങ്ങോട്ട് തിരിയുന്നില്ല. ബസിന്റെ നിലയ്ക്കാത്ത ആരവം. നിരത്തുവക്കിൽ പടർന്നുപന്തലിച്ച മരത്തിൽ പടർന്നു കയറിയ ഒരു കാട്ടുവള്ളിച്ചെടി കരിനാഗം പോലെ മരത്തെ ചുറ്റിവളഞ്ഞിരിക്കുന്നു. അവൾ അടിമുടി പൂത്തുലഞ്ഞിരിക്കുന്നു. കാറ്റിൽ പറത്തിയ പൂക്കൾ വഴിയിൽ ഇളം റോസ് നിറത്തിലുള്ള പരവതാനി വിരിച്ചു. അവയെ ചവുട്ടിമെതിച്ചു കൊണ്ട് യാത്രക്കാർ തലങ്ങും വിലങ്ങും യാത്ര തുടർന്നു. ശാഠ്യം പിടിക്കുന്ന കൈക്കുഞ്ഞുങ്ങളെക്കൊണ്ടും യാത്രക്കാരുടെ സംഭാഷണം കൊണ്ടും നഗരം ഒന്ന് ഞെട്ടിയുണർന്നതുപോലെ തോന്നി. മഴ ഒരു വിരുന്നുകാരിയെ പോലെ സാവധാനം നഗരമധ്യത്തിലെത്തി. അത്ര പെട്ടെന്നൊന്നും തിരിച്ചു പോകുന്ന ലക്ഷണം കണ്ടില്ല. കറുത്ത വസ്ത്രം അയലിൽ തൂക്കിയിട്ടതുപോലെ ആകാശം നിറയെ മേഘക്കാഴ്ച. അവ ഒന്നൊന്നായി അകലുമ്പോൾ തൊട്ടുരുമ്മിക്കൊണ്ട് മറ്റ് ചിലത് കടന്നുവരും. ആ പ്രയാണം അങ്ങിനെ തുടരുകയാണ്.

മഴയുടെ ശക്തി കൂടി. വഴിയാത്രക്കാർ പലരും കടത്തിണ്ണകളിൽ അഭയം കണ്ടെത്തി. മൊബൈൽ ഫോൺ പറിച്ചു മാറ്റാനാവാത്ത അവയവം പോലെ കൊണ്ടുനടക്കുന്നവർക്ക് മഴ ഒരു ആശ്വാസമായി. ഒറ്റപ്പെട്ട് നിൽക്കുന്നവരിൽ പലരും അവരുടെ കൈകൾ ദ്രുതഗതിയിൽ ചലിപ്പിക്കുകയാണ്. പത്തുവിരലുകൾക്ക് പുറമെ ഒരു പത്തുകൂടി ഉണ്ടായിരുന്നെങ്കിൽ കാര്യങ്ങൾ അനായാസമാകുമായിരുന്നു. അത്രയും ജാഗ്രതയാണവരുടെ ഓരോ ചലനങ്ങളിലും നിഴലിച്ചു നിൽക്കുന്നത്. കാലം ഗതി മാറി ഒഴുകുകയാണ്. പലരും അവനവനിലേക്ക് ചുരുങ്ങിക്കഴിഞ്ഞു. അപ്പോഴും അവർക്കുമുന്നിൽ ഒരു വിശാലമായ ലോകമുണ്ട്. പ്രിയപ്പെട്ടവരുടെ കുശലാന്വേഷണങ്ങൾക്കും സൊറപറച്ചിലിനും അവർ, വിലപ്പെട്ട സമയം നീക്കിവെക്കുന്നു. അതിനടിമപ്പെടാത്തവർ എല്ലാം നിസഹായതയോടെ നോക്കി നിൽക്കുന്നു.

നഗരത്തിലെ തുണിക്കടയിൽ ഭംഗിയായി സാരിചുറ്റി അണിഞ്ഞൊരുങ്ങി നിൽക്കുന്ന ഡമ്മി നഗരക്കാഴ്ചകൾ വിസ്മയത്തോടെ നോക്കുകയാണ്. അവളറിയാതെ അവളിലെ ചൈതന്യം ഉണരാൻ തുടങ്ങി. തന്റെ മുന്നിൽ നിറഞ്ഞു നിൽക്കുന്ന ജനസഞ്ചയത്തിനിടയിലൂടെ അവൾ മുന്നിലെ ബേക്കറിക്കടയിലേക്ക് പാളി നോക്കി. തനിക്കിഷ്ടപ്പെട്ട മധുര പലഹാരങ്ങൾ അതിൽ നിറഞ്ഞു കഴിഞ്ഞു. വൈകുന്നേരമാകുമ്പോഴേക്കും ഒട്ടുമുക്കാലും കാലിയാവും. സ്ത്രീകളിൽ പലരും ജോലിത്തിരക്കിനിടയിൽ അടുക്കള ഭാഗം ബേക്കറിയിൽ ചാരിവച്ചിരിക്കയാണ്. കൂടുകളിൽ നിറച്ച പലഹാരങ്ങളും എന്തിനേറെ ചിലർ രാത്രി ഭക്ഷണം പോലും വാങ്ങിക്കൊണ്ടു പോകുന്നു. ആധുനിക സജ്ജീകരണങ്ങളാൽ അലങ്കരിച്ച അടുക്കള തന്റെ സൗന്ദര്യം നിലനിർത്തുന്നു. കാഴ്ചക്കാരുടെ മുന്നിൽ ആകർഷണീയമായിരിക്കാൻ ഏറെ പ്രയത്നം ആവശ്യമില്ലാത്ത സാഹചര്യമൊരുക്കിക്കൊണ്ട് പുതുവിഭവങ്ങൾ അനുഭവിച്ചറിയാം. വീണ്ടും അവളുടെ ശ്രദ്ധ തനിക്ക് മുന്നിലൂടെ നടന്നുനീങ്ങുന്ന ആൾക്കാരിലെത്തിച്ചേർന്നു. അതു വഴി കടന്നു പോകുന്ന വാഹനങ്ങൾ തന്റെ കാഴ്ചയെ തടസപ്പെടുത്തിക്കൊണ്ടിരിക്കയാണ്. മധ്യാഹ്നത്തോടടുത്തപ്പോൾ പാരലൽ കോളേജ് വിട്ട കുമാരീ കുമാരന്മാരുടെ യാത്രയാണ്. പൊട്ടിച്ചിരികളാൽ അന്തരീക്ഷം മുഖരിതമാക്കിക്കൊണ്ട് അവർ നടന്നകലുകയാണ്. തന്നെപ്പോലെ എല്ലാ കാഴ്ചകളും നോക്കിക്കൊണ്ട് നിൽക്കാൻ മറ്റാർക്കെങ്കിലും സാധിക്കുമോ? നിരത്തിന്റെ മറുവശത്ത് കാലിന് സ്വാധീനമില്ലാത്ത ഒരാൾ തുകൽക്കഷ്ണത്തിൽ അരയ്ക്ക് താഴെ പൊതിഞ്ഞ് ഭദ്രമാക്കി റോഡിലേക്ക് തന്നെ ഉറ്റുനോക്കുന്നു. അയാൾക്ക് ഒന്ന് നിരത്ത് മുറിച്ചു കടക്കണമെങ്കിൽ ചിലപ്പോൾ മണിക്കൂറുകൾ കാത്തു നിൽക്കേണ്ടിവരും. എങ്കിലും മുഖം പ്രസന്നമായിരുന്നു.

നഗരക്കാഴ്ചകൾ ഒരിക്കലും മടുക്കുന്നില്ല. എന്നും വൈവിധ്യമാർന്ന കാഴ്ചകൾ. ഗ്രാമങ്ങളിൽ നിന്നും ഒഴുകിയെത്തുന്ന ജനസഞ്ചയം. ബസിൽ നിന്ന് കയറുന്നവരും ഇറങ്ങുന്നവരും ഒരു പതിവു കാഴ്ചയാണ്. സ്ഥിരമായി വന്നെത്തുന്ന പലരും തനിക്ക് ചിരപരിചിതരായിരിക്കുന്നു. ഇത് വഴി കടന്നുപോകുന്ന ബസിൽ ഇരിക്കുന്നവർക്ക് എന്നെ എളുപ്പത്തിൽ കാണാൻ കഴിയും. സ്ത്രീകളിൽ പലരും എന്നെ ചുഴിഞ്ഞു നോക്കുന്നുണ്ട്. പുരുഷന്മാരും ഇക്കാര്യത്തിൽ ഒട്ടും പുറകിലല്ല. പക്ഷെ, എന്റെ മുന്നിലൂടെ ഒരു ദിവസം ചുരുങ്ങിയത് നാലു പ്രാവശ്യമെങ്കിലും കടന്നു പോവുന്ന ഒരു ചെറുപ്പക്കാരൻ എന്നെ ഒരിക്കലും നോക്കാത്തതിൽ എനിക്ക് പരിഭവമുണ്ട്. അവിവാഹിതനായിരിക്കും. കാരണം പല പുരുഷന്മാരും ഭാര്യമാർക്ക് വേണ്ടിയാണ് എന്നെ നോക്കുന്നതും, വിലയിരുത്തുന്നതും അതെന്തെങ്കിലുമാകട്ടെ, കടയിൽ സ്ഥിരമായി വരുന്ന ചിലർക്ക് എന്നെ വലിയ കാര്യമാണ്. അവർ അവരുടെ ജോലി കഴിഞ്ഞും ജോലിത്തിരക്കിനിടയിലും ഇവിടെ എത്തിച്ചേരും. കടയുടമയുമായും ജോലിക്കാരുമായും സൗഹൃദം പങ്കുവെയ്ക്കും. ബാങ്കിൽ പിരിവെടുക്കുന്ന ഒരു യുവതി കടന്നുവന്നാൽ ഇവിടെ ചിരിയുടെ മാലപ്പടക്കം തന്നെയായിരിക്കും. ഞാൻ സദാസമയവും സുസ്മേരവദനയായിരിക്കുന്നതുകൊണ്ട് അപ്പോൾ അവരുടെ കൂട്ടത്തിൽ ഒരാളായി മാറാൻ ഒട്ടും പ്രയാസം തോന്നിയില്ല. അവർ പിരിഞ്ഞു പോകുമ്പോൾ സങ്കടം വരും. ഉം, സാരമില്ല നാളെയും വരുമല്ലോ. ഇത്തരം പ്രതീക്ഷകളാണല്ലോ മനുഷ്യരെയടക്കം ജീവിക്കാൻ പ്രേരിപ്പിക്കുന്നത്. ഒരു ചേച്ചി, ഞാൻ ഉടുത്ത സാരിയിൽ നിന്ന് കുറെ അധികം വാങ്ങിച്ചിട്ടുണ്ട്. അതുടുത്ത് കൊണ്ട് അവർ കടയിലേക്ക് വരുമ്പോൾ ഞാൻ കൗതുകത്തോടെ നോക്കിനിൽക്കും. തരക്കേടില്ല, എങ്കിലും എന്നോളം പോരുമോ? സംശയമാണ്.

ചില ദിവസങ്ങളിൽ ഉടുത്ത ഉടനെ ആരെങ്കിലും കണ്ണുവെയ്ക്കും. അതാസ്വദിക്കാൻ പോലും അവസരമുണ്ടാകില്ല. എങ്കിലും സന്തോഷം തോന്നും. കാരണം മറ്റൊരു പുത്തൻ സാരി എന്നെ കാത്തിരിക്കുന്നുണ്ടാകും. സാരി മാറ്റിക്കഴിഞ്ഞാൽ, ഒരു ചേച്ചി എന്നെ തോളിലേറ്റി ഉള്ളിലേക്ക് കൊണ്ടും പോകും. കൂട്ടുകാരി എന്നെ ഭംഗിയായി സാരി ഉടുപ്പിക്കും. കൂട്ടത്തിലുള്ള ഒരാൾ അഭിപ്രായം പറയുകയല്ലാതെ, എന്നെ ഒരുക്കാൻ സഹായിക്കാറില്ല. എങ്കിലും എനിക്കവളെ ഇഷ്ടമാണ്. തമാശക്കാരിയാണ്. ഇവരൊക്കെ ചേർന്ന് സന്തോഷവും സങ്കടവും പങ്കുവെയ്ക്കും. ഉടമയും അതിൽ സജീവ പങ്കാളിയാകും. അവരുടെ ഇടയിൽ ഞാനും ഒരു കഥാപാത്രം. ആദ്യം എന്നെ തോളിലേറ്റിയ ചേച്ചി തന്നെ അണിഞ്ഞൊരുങ്ങിക്കഴിഞ്ഞാൽ അതുപോലെ എടുത്ത് തിരികെവെയ്ക്കും. കുറച്ചുനേരം എല്ലാവരും എന്റെ ഭംഗി ആസ്വദിക്കും.

പിന്നീട് വരുന്നവരും പോകുന്നവരും എന്നെ ഉറ്റു നോക്കും. എന്നെ നോക്കാതെ കടന്നു പോകുന്നവർ വിരളം. ഞാൻ ഉടുത്ത സാരി വാങ്ങിക്കൊണ്ടു പോയവർക്ക് ഒരു പരാതി മാത്രമേ ഉള്ളൂ. ഇവൾ സാരി ഉടുത്താൽ എന്തൊരഴകാണ്. നമ്മൾ എത്ര നന്നായി ഉടുത്താലും ഇത്രയ്ക്ക് ഭംഗി ഉണ്ടാവില്ല. അത് കേൾക്കുമ്പോൾ എന്റെ സൗന്ദര്യത്തിന്റെ മാറ്റ് കൂടും. അങ്ങിനെ നഗരമധ്യത്തിൽ ഒരു തുണിക്കടയിൽ രാജകീയ പ്രൗഢിയോടെ വിലസുകയാണ് ഞാൻ.

ഓണം ഇങ്ങടുത്തെത്തിക്കഴിഞ്ഞു. കടയിൽ തിരക്കുകൂടും. എന്നെ ആൾക്കാർ പൊതിയും. ഓണക്കോടിയിൽ ഞാൻ തിളങ്ങി നിൽക്കും. ഒരു നാൾ മാവേലി മന്നനും ഇതുവഴി കടന്നുപോകും. അദേഹം എന്നെ ഒന്നു കടാക്ഷിക്കുമോ? ധർമ്മപരിപാലകനും ദയാനിധിയുമായ മാവേലി മന്നൻ. ബലിവംശത്തിന്റെ കെടാവിളക്ക്, ചിരഞ്ജീവി എന്നീ നിലകളിൽ ഉന്നതനായ മഹാബലി, ചൈതന്യമില്ലാത്ത എന്നെ കടാക്ഷിക്കാൻ മോഹിക്കാൻ പോലും എനിക്കർഹതയില്ലെന്നറിയാം. എങ്കിലും ഇത്തരം മോഹങ്ങളല്ലേ എന്നെ ഇവിടെ നിലനിർത്തുന്നത് എന്നോർക്കുമ്പോൾ ഒന്നിനോടും പരാതിയില്ല. ഏതായാലും ഒന്നുരണ്ട് പേരോട് നന്ദി പറയാതിരിക്കാൻ വയ്യ, എന്നെ ഇത്രയും സുന്ദരിയായി വാർത്തെടുത്തതാരോ, അയാളോടും, എന്നെ ഭംഗിയായി വസ്ത്രധാരണം ചെയ്യിക്കുന്ന ആ ചേച്ചിയോടും, നന്ദി മാത്രമല്ല, കടപ്പാടും ഉണ്ട്.

നഗരം ഇരുട്ടിലമരാൻ ഇനി നിമിഷങ്ങൾ മാത്രമേ ബാക്കിയുള്ളൂ. എങ്ങും ദീപാലങ്കാരക്കാഴ്ച. രാത്രിയും കച്ചവടം നടക്കും. ആൾക്കാർ കാഴ്ചകൾ ആസ്വദിച്ച് സാധനങ്ങൾ വാങ്ങി അവരവരുടെ കൂടണയുമ്പോൾ ഞാൻ മാത്രം തനിച്ചാവും. അധികം വൈകാതെ കട അടക്കും. എല്ലാവരും എന്നെ തനിച്ചാക്കി യാത്രയാകും. ഞാനും ഇപ്പോൾ ഇരുട്ടിലമരും. ഞാൻ എന്റെ സ്വപ്നങ്ങളെ താലോലിച്ച് രാത്രിയെ പകലാക്കും. അപ്പോൾ എന്റെ ഏകാന്തത അകന്നില്ലാതാകും. ദീപക്കാഴ്ചയിൽ നിശാശലഭങ്ങളും ആകർഷിക്കപ്പെടും. അവയുടെ ആകർഷണ വലയത്തിൽ നിന്ന് ചേതനയറ്റ് താഴെ വീഴുന്നവയെ രാവിലെ നിസഹായതയോടെ ഞാൻ നോക്കും.

വെള്ളി രേഖ

സിസിൽ സി
കൂവോട്

തിമിരം

തൊലിക്കട്ടി കണ്ണിനു മുമ്പേ നടന്നാൽ
തിമിരം വരും വഴിതെറ്റിപ്പോകും
വഴിതെറ്റി കുത്തിമലർത്തിയെന്നാൽ
കൂർത്ത ചികിത്സകൾ വേണ്ടി വരും.

സുബ്രഹ്മണ്യൻ
കുറ്റിക്കോൽ

അഭിമാനി

അഭിമാനംകൊണ്ടു
പൊറുതിമുട്ടിയപ്പോൾ
അഭിമാനമുണ്ടില്ല
അവൻ
സ്വയം
അപമാനമായി.

യാത്ര ചോദിക്കാതെ

വിട നൽകാൻ
എനിക്ക് മടിയായിരുന്നു
യാത്ര ചോദിക്കാൻ നിനക്കും.
പ്രകൃതിക്ക് ഭ്രാന്തിളകിയ ആ രാത്രിയിൽ
ഒന്നും ചോദിക്കാതെ
മറുപടിക്ക് കാത്തുനിൽക്കാതെ നീ പോയി.
ചിതറിത്തെറിച്ച
സ്ഫടികപാത്രമായിപ്പോയിരുന്നു
എന്റെ മനസ്.
വിധിയുടെ വിശപ്പും
വാക്കുകളുടെ ദാഹവുമില്ലാത്ത
ആ ലോകത്തേക്ക്.
നിന്റെ വിളിക്കായ്
ഞാൻ കാതോർത്തിരുന്നു.
പക്ഷെ ഈ ഭീകരലോകത്ത്
നീയെന്നെ തനിച്ചാക്കി.
മധുരസ്മരണകളുടെ
ഭാണ്ഡക്കെട്ടുകൾവയ്ക്കാൻ
എന്റെ മനസിന്റെ
താഴ്‌വരയിൽ സ്ഥലമില്ലാതായിരിക്കുന്നു.
പക്ഷെ,
നിന്റെ ഓർമ്മകൾ
മറുകരിയിലെത്തിക്കും വരെ
എനിക്ക് തുഴഞ്ഞല്ലേ പറ്റൂ...
ഒറ്റയ്ക്ക്...

രസിക ബിജു
തലവിൽ
(നാഷണൽ കോളേജ്,
തളിപ്പറമ്പ)

ലുലു സൂപ്പർ ഷോപ്പിയുടെ ഷോറൂം തളിപ്പറമ്പിലും ആരംഭിക്കുന്നു

തളിപ്പമ്പ: 23 വർഷത്തെ സേവന പാരമ്പര്യവുമായി ശ്രീകണ്ഠപുരത്ത് പ്രവർത്തിച്ചുവരുന്ന ലുലു സൂപ്പർ ഷോപ്പി തളിപ്പറമ്പിലും പ്രവർത്തനം ആരംഭിക്കും. തളിപ്പറമ്പിന്റെ ഹൃദയഭാഗത്ത് സെഞ്ച്വറി വസ്ത്രാലയത്തോട് ചേർന്നുള്ള കെട്ടിടത്തിലാണ് പുതിയ ശാഖ ആരംഭിക്കുന്നത്. ഗുണനിലവാരമുള്ള വിവിധ കമ്പനികളുടെ ക്രോക്കറി, ഇലക്ട്രോണിക്സ്, ടോയിസ്, ഗിഫ്റ്റ്, സ്റ്റേഷണറി, നോൺസ്റ്റിക്ക്, പ്ലാസ്റ്റിക്ക്, ക്ലീനിംഗ് ഐറ്റംസ്, ചവിട്ടികൾ എന്നിവയുടെ വിപുല ശേഖരം തന്നെ ഇവിടെ ഒരുക്കിയിട്ടുണ്ട്. പുതിയ ബ്രാന്റുകൾക്കൊപ്പം ഉപഭോക്താക്കളുടെ ആവശ്യകതക്കനുസരിച്ചുള്ള ഉൽപ്പന്നങ്ങളും ലുലുവിൽ ലഭ്യമാക്കും.

മലബാറിലെ യാത്രക്കാരോടുള്ള അവഗണന റെയിൽവേ അവസാനിപ്പിക്കണം: എ.പി. അബ്ദുള്ളക്കുട്ടി

കണ്ണൂർ: റെയിൽവേ പാതകളുടെ അറ്റകുറ്റപ്പണികളുടെ പേരിൽ തീവണ്ടി സർവീസുകൾ മുന്നറിയിപ്പില്ലാതെ റദ്ദാക്കുമ്പോഴും ചരക്കുവണ്ടികളെ നിർബാധം കടത്തിവിടുന്നത് യാത്രക്കാരോടുള്ള കടുത്ത അവഗണനയാണ് സൂചിപ്പിക്കുന്നതെന്ന് മുൻ എം.പി എ.പി.അബ്ദുള്ളക്കുട്ടി പറഞ്ഞു. നോർത്ത് മലബാർ റെയിൽവേ പാസഞ്ചേഴ്സ് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ റെയിൽവേ സ്റ്റേഷൻ പരിസരത്ത് നടത്തിയ കുത്തിയിരിപ്പ് സമരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദേഹം. വൈദ്യുതീകരിച്ച് പാത ഇരട്ടിപ്പിച്ചിട്ടും മലബാറിന്റെ യാത്രക്കാർക്ക് അതിന്റെ യാത്രാസൗകര്യം വർധിച്ചിട്ടില്ലെന്നും അബ്ദുള്ളക്കുട്ടി ചൂണ്ടിക്കാട്ടി.

കോ-ഓർഡിനേഷൻ ചെയർമാൻ അഡ്വ. റഷീദ് കവ്വായി അധ്യക്ഷത വഹിച്ചു. കോർപ്പറേഷൻ കൗൺസിലർ അഡ്വ.ലിഷ ദീപക്, കോ-ഓർഡിനേറ്റർ ദിനു മൊട്ടമ്മൽ, എൻ.എം.ഷഫീഖ്, കെ.പി.രാമകൃഷ്ണൻ, വി.ദേവദാസ്, കെ.പി.ചന്ദ്രാംഗദൻ, ആർട്ടിസ്റ്റ് ശശികല, പി.പി.സന്ദീപ്, പ്രകാശൻ കണിച്ചുകുളങ്ങര, കെ.വി.സത്യപാലൻ, കെ.വി.ചന്ദ്രൻ, രമേശൻ പനിച്ചിയിൽ, കവിയൂർ രാഘവൻ, സൗമി ഇസബൽ പ്രസംഗിച്ചു.

സുരേഷ് അന്നൂർ വിദ്യാർത്ഥികൾക്കൊപ്പം

അധ്യാപകന്റെ പിറന്നാൾ ദിനത്തിൽ വിദ്യാർത്ഥികൾക്ക് പുസ്തക മധുരം

പയ്യന്നൂർ: ക്ലാസ് മാഷിന്റെ പിറന്നാളിന് മധുരം നൽകുന്നുണ്ടെന്നറിഞ്ഞു എത്തിയ കുട്ടികൾ കണ്ടത് മേശപ്പുറത്ത് ഒരു കൂന പുസ്തകങ്ങൾ. സാധാരണ പുസ്തകങ്ങളല്ല, മഹാന്മാരുടെ ആത്മകഥകളും അനുഭവക്കുറിപ്പുകളും. അക്ഷരമാണ് അറിവ്, അറിവാണ് സമ്പത്ത് എന്നു പഠിപ്പിക്കുന്ന ക്ലാസ് ടീച്ചർ നൽകിയ അറിവിന്റെ പുസ്തക മധുരം വിദ്യാർത്ഥികൾക്ക് വേറിട്ട അനുഭവമായി. കണ്ടങ്കാളി ഷേണായി സ്മാരക ഗവ ഹയർ സെക്കൻഡറി സ്കൂളിലെ ഹിന്ദി അധ്യാപകനും ഡോട്ട് ചിത്രകാരനുമായ സുരേഷ് അന്നൂർ ആണ് പിറന്നാളിന് തന്റെ ക്ലാസിലെ 35 വിദ്യാർത്ഥികൾക്ക് പുസ്തകങ്ങൾ സമ്മാനമായി നൽകിയത്. അവ പരസ്പരം കൈമാറി വായിക്കാനും ആസ്വാദന കുറിപ്പ് തയ്യാറാക്കാനും ആവശ്യപ്പെട്ടപ്പോൾ ആവേശപൂർവ്വം വിദ്യാർത്ഥികൾ അത് സ്വീകരിച്ചു. മികച്ച കുറിപ്പുകൾക്കു സമ്മാനങ്ങളും നൽകും.

ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ ശക്തിപ്പെടുത്തുന്നതിനാണ് ഈ ആശയം മനസ്സിൽ വന്നതെന്ന് സുരേഷ് അന്നൂർ പറഞ്ഞു. വർഷങ്ങൾക്കു മുമ്പ് എട്ടികുളം ഗവ ഹയർ സെക്കൻഡറി സ്കൂളിൽ അധ്യാപകനായി രുന്നപ്പോൾ പത്താം ക്ലാസ് കഴിഞ്ഞു വിദ്യാലയത്തിന്റെ പടി ഇറങ്ങിയ 42 കുട്ടികൾക്കും അവരുടെ ഛായാചിത്രം സുരേഷ് വരച്ചു സമ്മാനിച്ചിരുന്നു.

സൗജന്യ ആയുർവ്വേദ മെഡിക്കൽ ക്യാമ്പ് നാളെ

പയ്യാവൂർ: ചന്ദനക്കാംപാറ വ്യാപാരി വ്യവസായി ഏകോപന സമിതിയുടെയും പയ്യാവൂർ ഗ്രാമപഞ്ചായത്തിന്റെയും പയ്യാവൂർ ആയുർവ്വേദ ഡിസ്പൻസറിയുടെയും സംയുക്താഭിമുഖ്യത്തിൽ നാളെ രാവിലെ 9.30 മുതൽ ഉച്ചക്ക് ഒരു മണി വരെ ചന്ദനക്കാംപാറ വ്യാപാരി വ്യവസായി ഹാളിൽ സൗജന്യ പകർച്ചവ്യാധി പ്രതിരോധ മെഡിക്കൽ ക്യാമ്പ് നടത്തും. പയ്യാവൂർ പഞ്ചായത്ത് പ്രസിഡന്റ് ഡെയ്സി ചിറ്റൂപ്പറമ്പിൽ ഉദ്ഘാടനം ചെയ്യും. ആഗ്നസ് വാഴപ്പള്ളി അധ്യക്ഷത വഹിക്കും.

എ.ഐ.ടി.യു.സി ജില്ലാ സമ്മേളനം എട്ട്, ഒമ്പത് തീയതികളിൽ

കണ്ണൂർ: എ.ഐ.ടി.യു.സി ജില്ലാ സമ്മേളനം എട്ട്, ഒമ്പത് തീയതികളിൽ തലശേരിയിൽ നടക്കും. എട്ടിന് വൈകിട്ട് നാലിന് സെമിനാർ സംസ്ഥാന വർക്കിംഗ് പ്രസിഡണ്ട് ജെ.ഉദയഭാനു ഉദ്ഘാടനം ചെയ്യും. വിവിധ ട്രേഡ് യൂണിയൻ നേതാക്കൾ പങ്കെടുക്കും. ഒമ്പതിന് രാവിലെ പത്തിന് പ്രതിനിധി സമ്മേളനം സംസ്ഥാന ജന. സെക്രട്ടറി കെ.പി.രാജേന്ദ്രൻ ഉദ്ഘാടനം ചെയ്യും.

വേളാപുരം-ചാല ബൈപ്പാസ്: ആക്ഷൻ കമ്മിറ്റി ഉപവാസം പത്ത് മുതൽ

കണ്ണൂർ: വേളാപുരം മുതൽ ചാല വരെയുള്ള നിർദ്ദിഷ്ട ദേശീയപാത ബൈപ്പാസ് റോഡിന്റെ രൂപരേഖ മാനദണ്ഡങ്ങൾക്ക് വിരുദ്ധമെന്നാരോപിച്ച് കലക്ട്രേറ്റിന് മുന്നിൽ ത്രിദിന ഉപവാസ സമരം സംഘടിപ്പിക്കാൻ ചുങ്കം-ചാല ബൈപ്പാസ് സംയുക്ത ആക്ഷൻ കമ്മിറ്റി തീരുമാനിച്ചു. പത്ത് മുതൽ 13 വരെ നടക്കുന്ന ഉപവാസ സമരത്തിന് പുറമെ 10ന് കലക്ട്രേറ്റ് മാർച്ചും സംഘടിപ്പിക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. കോട്ടക്കുന്ന്, വേളാപുരം, കല്ലുകെട്ട്ചിറ നിവാസികൾ മാർച്ചിൽ പങ്കെടുക്കും. നിർദ്ദിഷ്ട ദേശീയപാത 66ന്റെ ബൈപ്പാസിന്റെ അലൈൻമെന്റ് കൂടുതൽ വീടുകൾ നഷ്ടമാകുന്നതും കൂടുതൽ വളവുകളുള്ളതും പാരിസ്ഥിതിക ആഘാതം വർധിപ്പിക്കുന്നതുമാണ്. താരതമ്യേന വീടുകളുടെ എണ്ണം കുറഞ്ഞതും ദൂരം കുറഞ്ഞതുമായ ബൈപ്പാസിന്റെ ബദൽ നിർദേശം ആക്ഷൻ കമ്മിറ്റി തയ്യാറാക്കി കലക്ടർക്ക് കൈമാറിയിട്ടുണ്ട്. ദേശീയപാത അതോറിറ്റി ത്രീഡി വിജ്ഞാപനം ഇറക്കിയിട്ടുണ്ടെങ്കിലും കോടതി നിർദേശമുണ്ടായാൽ വിജ്ഞാപനം അസാധുവാക്കാൻ സാധിക്കും. നിയമപരമായ പോരാട്ടം തുടരുക തന്നെ ചെയ്യുമെന്നും ഭാരവാഹികൾ പറഞ്ഞു.

വാർത്താസമ്മേളനത്തിൽ കെ.കെ.സുഹൈൽ, നിശിൽകുമാർ തുരുത്തി, മുഹമ്മദ് കോയ കോട്ടക്കുന്ന്, രാജൻ വേളാപുരം, നജീബ് കല്ലുകെട്ട്ചിറ സംബന്ധിച്ചു.

കളിക്കളങ്ങളെ ത്രസിപ്പിച്ച വോളിബോൾ താരം ചികിത്സാ സഹായം തേടുന്നു

ആലക്കോട്: ഗുരുതര രോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്ന വോളിബോൾ താരം തുടർ ചികിത്സയ്ക്കായി കാരുണ്യമതികളുടെ സഹായം തേടുന്നു. പാടിയോട്ടുചാൽ പാടിക്കൊച്ചിയിലെ സി.എം.മധുവാണ് കാൻസർ രോഗബാധിതനായി മംഗലാപുരത്തെ ഹെഗ്ഡേ ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിയുന്നത്. ലക്ഷങ്ങളാണ് ചികിത്സക്ക് വേണ്ടി വരുന്നത്. തികച്ചും നിർധനമായ മധുവിന്റെ കുടുംബത്തിന് ഈ തുക കണ്ടെത്തുന്നതിനുള്ള ഒരു വഴിയുമില്ല. അടുത്ത കാലം വരെ കളിക്കളങ്ങളെ ത്രസിപ്പിക്കുന്ന പ്രകടനം കാഴ്ചവെയ്ക്കുന്ന ഉത്തരമലബാറിലെ അറിയപ്പെടുന്ന വോളിബോൾ താരമായ മധു, നിരവധി വോളിബോൾ താരങ്ങളെ വാർത്തെടുത്ത കോച്ച് എന്ന നിലയിലും ഏറെ ശ്രദ്ധേയനായിരുന്നു. മധുവിനെ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരുന്നതിനുള്ള ചികിത്സാ ചെലവ് സമാഹരിക്കുന്നതിനായി പഞ്ചായത്ത് മെമ്പർമാരായ സി.രവീന്ദ്രൻ കൺവീനറും പി.എൻ.മനോജ്കുമാർ ചെയർമാനും കെ.വി.മോഹനൻ വൈസ് ചെയർമാനും വോളിബോൾ അസോസിയേഷൻ ജില്ലാ കമ്മിറ്റിയംഗം എം.വി.രാഘവൻ മാസ്റ്റർ ജോ. കൺവീനറും കെ.വി.വി.ഇ.എസ് പ്രസിഡണ്ട് കെ.ലക്ഷ്മണൻ ട്രഷററുമായി കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. കേരള ഗ്രാമീൺ ബാങ്കിന്റെ പാടിയോട്ടുചാൽ ശാഖയിൽ 40462101045310 (ഐ.എഫ്.എസ്.സി നമ്പർ കെ.എൽ.ജി.ബി -0040462) നമ്പർ അക്കൗണ്ടും ആരംഭിച്ചിട്ടുണ്ട്. കാരുണ്യമതികൾ സഹായിക്കണമെന്ന് മധു ചികിത്സാ സഹായ കമ്മിറ്റി ഭാരവാഹികൾ അഭ്യർത്ഥിച്ചു.

വയത്തൂർ യു പി സ്കൂളിൽ അധ്യാപക ദിനത്തോടനുബന്ധിച്ച് സ്കൗട്ട് ആന്റ് ഗൈഡ്സ് കുട്ടികൾ അധ്യാപകർക്ക് പൂച്ചെണ്ട് നൽകുന്നു.

അധ്യാപകദിനം ആചരിച്ചു

ധർമ്മടം: കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ ധർമ്മടം നിയോജക മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ അധ്യാപക ദിനാഘോഷം നടത്തി. പ്രസിഡണ്ട് ടി.വി.ഭാർഗവന്റെ അധ്യക്ഷതയിൽ കെ.കെ.ജയരാജൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. സി.കൃഷ്ണൻ മാസ്റ്ററെ ആദരിച്ചു. കെ.ഇ.നന്ദകുമാർ മാസ്റ്റർ അനുസ്മരണ പ്രഭാഷണം നടത്തി. എം.ഒ.വേണുഗോപാലൻ, എൻ.പി.ജനാർദ്ദനൻ, പി.ലക്ഷ്മണൻ മാസ്റ്റർ, ഡോ. സി.വാസുമാസ്റ്റർ, സി.ടി.സുരേന്ദ്രൻ, പി.രാഘവൻ മാസ്റ്റർ, പി.ചന്ദ്രഭാനു മാസ്റ്റർ, എൻ.പി.ഭാർഗവി ടീച്ചർ സംസാരിച്ചു. എം.പി.കൃഷ്ണദാസ് സ്വാഗതവും കെ.ഒ.അരവിന്ദാക്ഷൻ നന്ദിയും പറഞ്ഞു.

തളിപ്പറമ്പ്: മൂത്തേടത്ത് ഹയർസെക്കണ്ടറി വിദ്യാലയത്തിൽ എൻ.എസ്.എസ് സ്കൗട്ട്, ഗൈഡ്സ് വളണ്ടിയർമാരുടെ നേതൃത്വത്തിൽ അധ്യാപക ദിനം ആചരിച്ചു. പയ്യന്നൂർ കുഞ്ഞിരാമൻ മുഖ്യാതിഥിയായി. പി.ടി.എ പ്രസിഡണ്ട് കെ.ജി.ശശീന്ദ്രൻ അധ്യക്ഷത വഹിച്ചു. എം.ജെ.മാത്യു, പി.വിജയലക്ഷ്മി സംസാരിച്ചു. പ്രിൻസിപ്പൽ ടി.പി.മായാമണി സ്വാഗതവും കെ.ആര്യ നന്ദിയും പറഞ്ഞു. അധ്യാപകരെ ആദരിച്ചു.

കുറുമാത്തൂർ: പുല്ലാഞ്ഞ്യോട് എ.എൽ.പി സ്കൂളിൽ അധ്യാപകദിനം ആഘോഷിച്ചു. ഗുരുവന്ദനം നടത്തിയ ശേഷം 'എന്റെ ഗുരുനാഥൻ' കവിത ചൊല്ലി. വിദ്യാർത്ഥികൾ ക്ലാസുകൾ കൈകാര്യം ചെയ്തു.

പയ്യാവൂർ : വയത്തൂർ യു.പി സ്കൂളിൽ അദ്ധ്യാപക ദിനം ആചരിച്ചു. സ്കൂൾ മാനേജർ ഫാ. തോമസ് പൈമ്പള്ളിൽ ഉദ്ഘാടനം ചെയ്തു. പ്രധാനധ്യാപകൻ ടി.ജെ.ജോർജ് അദ്ധ്യക്ഷത വഹിച്ചു. പി.ടി.എ പ്രസിഡന്റ് ജിൻസ് ഉളിക്കൽ, മദർ പി.ടി.എ പ്രസിഡന്റ് നിഷ ദിലീപ്, റെൻസി ഫിലിപ്പ്, ഒ.എസ്.ലിസി, ഗീത സെബാസ്റ്റ്യൻ, ഷിന്റോ കെ.മാത്യു, പ്രസ്റ്റിൻ തോമസ് അയ്യങ്കാനാൽ, അഡോൺ ജേക്കബ്ബ്, ആശിഷ് മാത്യു പ്രസംഗിച്ചു.

പുതിയങ്ങാടി: ജമാഅത്ത് ഹയർസെക്കണ്ടറി സ്കൂൾ എൻ.എസ്.എസ്, അസാപ് യൂണിറ്റുകൾ സംയുക്തമായി അധ്യാപക ദിനം ആചരിച്ചു. ദേശീയ അധ്യാപക അവാർഡ് ജേതാവും ലിംക ബുക്സ് ഓഫ് റെക്കോർഡ്സിൽ ബുക്കിൽ ഇടം നേടുകയും ചെയ്ത ദിനേശ്കുമാർ തെക്കുമ്പാട് ശാസ്ത്ര പരിശീലന കളരി അവതരിപ്പിച്ച് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ എൽസമ്മ ജോസെഫിൻ അധ്യക്ഷത വഹിച്ചു. നഹിത ജെബിൻ, ശബീബ, റുഷ്ദ, ഹിബ, ഉമറുൽ ഫാറൂഖ്, ഷബീർ മാസ്റ്റർ സംസാരിച്ചു. ഫാത്തിമത്തുൽ ഇർഫാന സ്വാഗതവും നസീബ നന്ദിയും പറഞ്ഞു.

ചപ്പാരപ്പടവ് വൈദ്യുതി ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റി

ആലക്കോട്: നാടുകാണി തെറ്റുന്ന റോഡിൽ മേത്തുരുമ്പ ജംഗ്ഷനിൽ പ്രവർത്തിച്ചുവന്ന ചപ്പാരപ്പടവ് വൈദ്യുതി സെക്ഷൻ ഓഫീസ് നിലവിലുള്ള കെട്ടിടത്തിൽ നിന്ന് സമീപത്തെ കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചു. കൂടുതൽ സൗകര്യങ്ങളോടെയുള്ള ഓഫീസിന്റെ ഉദ്ഘാടനം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ രഞ്ജിത്ത് സി.ദേവ് നിർവഹിച്ചു. ചപ്പാരപ്പടവ് പഞ്ചായത്ത് പ്രസിഡണ്ട് എം.മൈമൂനത്ത്, നടുവിൽ പഞ്ചായത്ത് പ്രസിഡണ്ട് ബിന്ദു ബാലൻ, എ.എക്സ്.ഇ കെ.വി.ഷൈനി, പഞ്ചായത്ത് മെമ്പർ ടി.പ്രഭാകരൻ പ്രസംഗിച്ചു.